Std. 5 - Chapter 2 - Revision - Main points

# പാഠം 2: അബ്രാഹത്തിന്റെ വിളി

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | 1. അബ്രാഹം എന്ന പേരിന്റെ അർത്ഥമെന്ത്? | വലിയ ജനതയുടെ പിതാവ് |
| 2 | അബ്രാഹം ജീവിച്ചിരുന്ന കാലഘട്ടം: | ബി.സി. 19–ാം നൂറ്റാണ്ടിൽ |
| 3 | അബ്രാഹം ജനിച്ചത്: | ദക്ഷിണ മെസോപ്പൊട്ടോമിയായിലെ ഊർ എന്ന സ്ഥലത്ത് |
| 4 | അബ്രാഹത്തിന്റെ ആദ്യ പേര്: | അബ്രാം |
| 5 | അബ്രാഹത്തിന്റെ കുലത്തൊഴിൽ: | കാലിവളർത്തൽ |
| 6 | ദൈവം അബ്രാമിനെ വിളിക്കുന്നത് എവിടെ വച്ച് ? എത്രാം വയസ്സിൽ ? | ഹാരാനിൽ താമസിക്കുമ്പോൾ, 75–ാം വയസ്സിൽ. |
| 7 | അബ്രാം കാനാൻദേശത്ത് ഷെക്കേമിൽ മോറെയുടെ ഓക്കുമരം വരെ എത്തിയപ്പോൾ അവിടെവച്ച് കർത്താവ് അബ്രാമിനു പ്രത്യക്ഷപ്പെട്ട് അരുളിച്ചെയ്തത് എന്ത് ? | “ഈ നാടു നിന്റെ സന്തതികൾക്കു ഞാൻ കൊടുക്കും ” |
| 8 | ദൈവം അബ്രാമുമായി ഉടമ്പടി വച്ചതും മൂന്നു വാഗ്ദാനങ്ങൾ നൽകിയതും എത്രാം വയസ്സിൽ ? | 99–ാം വയസ്സിൽ |
| 9 | 2. ദൈവം തന്റെ ഉടമ്പടിയിലൂടെ അബ്രാഹത്തിനു നൽകിയ വാഗ്ദാനങ്ങൾ ഏവ? | 1. അബ്രാഹം നിരവധി ജനതകളുടെ പിതാവായിരിക്കും, 2. അബ്രാഹത്തിനും സന്തതികൾക്കും ദൈവവുമായി പ്രത്യേക ബന്ധം ഉണ്ടായിരിക്കും, 3. അബ്രാഹത്തിനും സന്തതികൾക്കും കാനാൻദേശം മുഴുവൻ അവകാശമായി നൽകും. |
| 10 | സാറായുടെ ആദ്യ പേര്: | സാറായി. |
| 11 | മൂന്ന് ദൈവദൂതൻമാർ അബ്രാഹത്തിനു പ്രത്യക്ഷപ്പെട്ട് അവന് ഭാര്യയായ സാറായിൽ നിന്ന് ഒരു പുത്രൻ ജനിക്കുമെന്നറിയിച്ചത് എവിടെ വച്ച് ? | കാനാൻ ദേശത്തുള്ള മാമ്രേ താഴ്‌വരയിൽ താമസിക്കുമ്പോൾ |
| 12 | അബ്രാഹത്തിന് തന്റെ ഭാര്യ സാറായിൽനിന്നും ജനിച്ച പുത്രൻ: | ഇസഹാക്ക്. |
| 13 | ഇസഹാക്കിനെ ബലിയർപ്പിക്കാൻ കൊണ്ടുപോയ സ്ഥലം: | മോറിയാ മല. |
| 14 | 3. അബ്രാഹത്തെ പരീക്ഷിക്കുന്നതിനുവേണ്ടി ദൈവം അദ്ദേഹത്തോട് കല്പിച്ചതെന്ത്? | നീ സ്നേഹിക്കുന്ന നിന്റ ഏകമകൻ ഇസഹാക്കിനെയും കൂട്ടിക്കൊണ്ട് മോറിയാ ദേശത്തേക്ക് പോവുക. അവിടെ ഞാൻ കാണിച്ചുതരുന്ന മലമുകളിൽ നീ അവനെ എനിക്ക് ഒരു ദഹനബലിയായി അർപ്പിക്കണം |

| | | |
|---|---|---|
| 15 | “നമ്മുടെ പക്കൽ തീയും വിറകുമുണ്ടല്ലോ, എന്നാൽ ദഹനബലിക്കുള്ള കുഞ്ഞാട് എവിടെ?” ആര് ആരോട് എപ്പോൾ പറഞ്ഞു ? | **അബ്രാഹം ഇസഹാക്കിനെ ബലികഴിക്കുവാൻ മോറിയാ ദേശത്തേക്ക് പോവുന്നവഴി ഇസഹാക്ക് അബ്രാഹത്തിനോട് ചോദിച്ചു.** |
| 16 | 16. “നമ്മുടെ പക്കൽ തീയും വിറകുമുണ്ട ല്ലോ, എന്നാൽ ദഹനബലിക്കുള്ള കുഞ്ഞാട് എവിടെ?” എന്ന് ഇസഹാക്ക് അബ്രാഹ ത്തിനോട് ചോദിച്ചപ്പോൾ അബ്രാഹം എന്തു പറഞ്ഞു ? | **കുഞ്ഞാടിനെ ദൈവം തന്നെ തരും (ഉൽപത്തി 22:18).** |
| 17 | 17. ജനതകളുടെ പിതാവ് എന്നും വിശ്വാസിക ളുടെ പിതാവ് എന്നും വിളിക്കുന്നത് ആരേയാണ് ? | **അബ്രാഹത്തെ.** |
| 18 | 4. അബ്രാഹം വിശ്വാസികളുടെ പിതാവായി ത്തീർന്നതെങ്ങനെ? | **ദൈവത്തിലുള്ള ശരിയായ വിശ്വാസം നിമിത്തമാണ് അബ്രാഹം വിശ്വാസികളുടെ പിതാവ് എന്ന പദവിയിലേക്ക് ഉയർന്നത്. വിശ്വാസത്തെ ഇളക്കാൻ തക്ക സാഹചര്യം ഉണ്ടായിട്ടും അബ്രാഹം തന്റെ ഉറച്ച വിശ്വാസം പ്രവൃത്തി യിൽ പ്രകടമാക്കി. അങ്ങനെ അദ്ദേഹം വിശ്വാസികളുടെ പിതാവായിത്തീർന്നു.** |
| 19 | 5. അബ്രാഹത്തിന്റെ ജീവിതം നമുക്കു നൽകുന്ന സന്ദേശമെന്ത്? | **വിശ്വാസം പരീക്ഷിക്കപ്പെടുന്ന സന്ദർഭങ്ങൾ നമ്മുടെ ജീവിത ത്തിലും ഉണ്ടാകാം. അപ്പോഴെല്ലാം ദൈവത്തിലുള്ള അടിയു റച്ച വിശ്വാസം വാക്കിലും പ്രവൃത്തിയിലും പ്രകടിപ്പിക്കാൻ നമുക്കു കഴിയണം. അബ്രാഹത്തിന്റെ ജീവിതകഥ നമുക്കു നൽകുന്ന സന്ദേശമിതാണ്.** |
| 20 | ഉൽപത്തി 15:6 എഴുതുക. | **“അബ്രാഹം കർത്താവിൽ വിശ്വസിച്ചു. അവിടുന്ന് അത് അവന് നീതീകരണമായി കണക്കാക്കി. ”** |

**ശ്രദ്ധിക്കുക:** പാഠത്തിന്റെ സംഗ്രഹമാണ് ചോദ്യോത്തരരൂപത്തിൽ കൊടുത്തിരിക്കുന്നത്. ചോദ്യത്തിലും ഉത്തരത്തിലും മറ്റു പല ചോദ്യോത്തരങ്ങൾ ഒളിഞ്ഞി രിപ്പുണ്ട്. ചോദ്യം എങ്ങനെയുള്ളതായാലും (ഉദാ: ഒറ്റവാക്കിൽ ഉത്തരം എഴുതുക, ബ്രാക്കറ്റിൽ നിന്നും ഉത്തരം എടുത്തെഴുതുക, പട്ടിക ക്രമപ്പെടുത്തുക, ഫ്ളോചാർട്ട് പൂർത്തിയാക്കുക, ഉത്തരം എഴുതുക, പദസൂര്യൻ പൂർത്തിയാക്കുക, ജീവചരിത്രം പൂർത്തിയാക്കുക, ഖണ്ഡിക എഴുതുക മുതലായവ) അത് വായിച്ചു മനസ്സിലാക്കി ചോദ്യത്തിനനുസരിച്ച് ശരിയായ ഉത്തരമെഴുതുക. പുസ്തകം വായിച്ചതിനുശേഷമാണ് പാഠത്തിന്റെ സംഗ്രഹം പഠിക്കേണ്ടത്.